# ജീനിയസ്സ് !!

റോയ് വർഗ്ഗീസ്
(മെക്കാനിക്കൽ)

പാതയരുകിൽ തണുത്തുവിറങ്ങലിച്ചുകിടന്ന നിറം മങ്ങിയ ബോഗൺവില്ലപ്പൂക്കളെ കണ്ടപ്പോൾ ആദ്യമായി ഞെട്ടി! പിന്നീട്, പുഴവക്കത്ത് പൂർണ്ണമായി നശിച്ചുതുടങ്ങിയ കൊന്നപ്പൂക്കളെ കണ്ടപ്പോഴും ഞെട്ടി! ഇന്നലെയുടെ രോമാഞ്ചങ്ങൾ!

ആയിരം വസന്തങ്ങളുടെ സൗന്ദര്യവും സൗരഭ്യവും വഹിച്ച്, എന്തുകൊണ്ടിവയ്ക്ക് ഒരു വർഷങ്ങൾ കൂടി ജീവിച്ചൂകൂടാ??............. നിമിഷങ്ങൾ മാത്രം ജീവിയ്ക്കാൻ വേണ്ടി എന്തിനിവരൂപം കൊണ്ടു??..........................

"എല്ലാം നശ്വരമാണ്! എല്ലാം! ശാശ്വതമായി ഒന്നുമില്ല! എന്തിന്, ഗ്രഹങ്ങളെവരെ കീഴടക്കിയ, ഏറ്റവും, വലിയവനെന്നഹങ്കരിക്കുന്ന മനുഷ്യനുപോലും വിധിച്ചിട്ടുള്ളത് ഒരു നൈമിഷിക ജീവിതമല്ലേ"?

ഹുംആ എന്നോ കേട്ടുപഴകിയ കുറെ അർത്ഥമില്ലാതെ വാക്കുകൾ! ശാശ്വതമായ പലതുമുണ്ട്. പലതും?......................................... അതെ, ഇവിടെ, എന്റെ നിരീക്ഷണ വലയത്തിനുള്ളിൽത്തന്നെ.

"ഞാനീലോകം വെട്ടിപ്പിടിയ്ക്കും" സ്വയംമറന്നു ചിരിച്ചു. ഈ ഡിഗ്രികളൊക്കെയെടുത്തത് ഒരു ഭ്രാന്തനായിത്തീരാനാണോ?.................. സുഹൃത്തുക്കൾ സംശയിച്ചു. "കടന്നുപോകൂ"..........ഞാൻ അലറി.

സ്വന്തം വാത്മീകം തല്ലിയുടച്ച് ഞാനെന്ന വാത്മീകി (അല്ല, ജീനീയസ്) പുറത്തു വന്നു.

തമസാനദിയുടെ തീരത്ത് മുറിവേറ്റുവീണ ക്രൗഞ്ചപ്പക്ഷിയെ കണ്ടപ്പോൾ മനസ്സുമുരണ്ടു.....

"മാനിഷാദ"!

മലകളും കുന്നുകളും കയറിയിറങ്ങി അഹിംസയുടെ പ്രവാചകനായി. കൊല്ലരുത്! വിശാലമായ ശ്മശാന വാതിൽക്കൽ നിന്നു.

"ഇവിടെ വിശ്രമിയ്ക്കുന്നവരെല്ലാം കൊല്ലപ്പെട്ടവരല്ലേ". ശ്മശാനം സൂക്ഷിപ്പു കാരനോടുതിരക്കി. "അല്ല". നിസ്സങ്കോചകമായ മറുപടി.

"അതെ! അതെ! നിങ്ങൾ അവരുടെ മനസ്സുകളെ കൊന്നില്ലേ? അവരുടെ പ്രതീക്ഷകളെ, മോഹങ്ങളെ കഴുത്തു ഞെരിച്ചുകൊന്നില്ലേ ? പറയൂ ....... നിങ്ങളെല്ലാവരും കൊലപാതകികളല്ലേ" ?

അയാൾ കണ്ണുകൾ ചെറുതാക്കി ചിരിച്ചു.

"ഭ്രാന്തൻ! അയാൾ മുരണ്ടു.

"അല്ല ജീനിയസ് ", ഞാൻ തിരുത്തി.

സ്വന്തം കുഞ്ഞിനെ കാനനച്ചോലയിലൊഴുക്കുന്ന കുന്തീദേവിയെ കണ്ടപ്പോൾ മനസ്സു തേങ്ങി.

കഷ്ടം! മാതൃത്വത്തിന് ഇത്രമാത്രം പവിത്രതയേയുള്ളോ ? (പഞ്ച പാണ്ഡവന്മാർ ക്ഷമിക്കുക!)

സത്യവതിയുടെ മക്കൾക്ക് രാജ്യാവകാശം നൽകാൻ സമ്മതിച്ചാൽ മാത്രമേ അവളെ സ്വന്തമാക്കാനാവൂ എന്നു മനസ്സിലാക്കിയ വൃദ്ധനായ രാജാവ് ഏക മകനോടഭ്യർത്ഥിച്ചു. മകനേ നീയെന്നെ രക്ഷിക്കൂ ................

സ്വന്തം ജീവിതം ഹോമിയ്ക്കാൻ നിർബന്ധിതനായ പുത്രൻ! ഓ ! സ്വാർത്ഥതേ ! നിക്കെത്രയെത്ര മുഖങ്ങൾ !!.

പ്രയാണം തുടർന്നു.

ആകാശത്ത്, അനന്തതയിൽ, ആയിരമായിരം നക്ഷത്രങ്ങൾ !, അവയിലൊരു നക്ഷത്രമായ സൂര്യൻ! സൂര്യനു ചുറ്റും കറങ്ങുന്ന ഗ്രഹങ്ങൾ ! അവക്ക് ഉപഗ്രഹങ്ങൾ !

(ഉഗ്രപ്രതാപിയായ സൂര്യൻപോലും ഒരിയ്ക്കൽ പൊട്ടിച്ചിതറിയിട്ടുണ്ട്)

തീർന്നില്ല . ഇനിയും പലതും അറിയാനുണ്ട്.

ഇരുമ്പലമാരയിൽ അടുക്കുവെച്ചിരിക്കുന്ന വിജ്ഞാനകോശങ്ങളുടെ മുന്നിൽ നമ്രശിരസ്കരനായി നിന്നു. പിന്നീട് അവയോരോന്നായി വായിച്ചു തള്ളി. ഓരവരിയിലൂടെയും അന്വേഷണ കുതുകികളായ ഒരു ജോഡിക്കണ്ണുകൾ ഒഴുകി നടന്നു.

വർഷങ്ങളുടെ തിരോധാനത്തിലും ഈ ജോലി അനസ്യൂതം തുടർന്നുകൊണ്ടിരുന്നു.

പുസ്തകങ്ങളുടെ ഒരക്ഷൗഹിണിതന്നെ വായിച്ചു തീർന്നിരിയ്ക്കുന്നു. എന്നിട്ട് ? ........... ഇന്നും

അതൃപ്തൻ!.

"ശാശ്വതമായ ഒന്നേയുള്ളു കുട്ടീ ! മരണം. ആർക്കും കീഴ്പ്പെടുത്താനാവാത്ത, എല്ലാവരെയും കീഴ്പ്പെടുത്തുന്ന ഒരേ ഒരു ശാശ്വത സത്യം".

മൺമറഞ്ഞുപോയ പ്രിയപ്പെട്ട പ്രൊഫസറുടെ പതിഞ്ഞസ്വരം മനസ്സിൽ വീണ്ടും.

വയ്യാ! മടുത്തിരിക്കുന്നു!. ദേഷ്യത്തോടെ മുടിയിഴകൾ പിടിച്ചുവലിച്ചു. എന്ത് ! ഞെട്ടിപ്പോയി. കയ്യിൽ രണ്ടു വെള്ളി മുടിയിഴകൾ!.

നിലക്കണ്ണാടിയുടെ മുന്നിൽ നിന്നണച്ചു സ്വന്തം പ്രതിരൂപം കണ്ടു ഞെട്ടി ! ഒന്നല്ല! പലപ്രാവശ്യം!.

കറുത്തിടതൂർന്നു നിന്നിരുന്ന മുടിയും കറുത്തു തിളങ്ങിയിരുന്ന കണ്ണുകളുമിന്നോർമ്മയിൽ മാത്രം.

"വിഡ്ഢീ, നീ ജീവിയ്ക്കാൻ മറന്നു!."

ചുറ്റുമുള്ള അചേതനങ്ങളായ വസ്തുക്കൾക്കുകൂടി നാവു മുളച്ചിരിക്കുന്നതായിത്തോന്നി. അവ എന്നെ നോക്കി പരിഹസിച്ചു.

സ്വന്തം നിഴലിനെ പിടിയ്ക്കാൻ വട്ടം തിരിഞ്ഞിളിഭ്യനായ കുട്ടിയെപ്പോലെ നിന്ന ഞാനെന്നെ ജീനിയസ്സ് വിളറി, വിയർത്തു.

********